**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1009** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എം.ശ്രീ. പദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പി.എം.ശ്രീ പദ്ധതി കേരളത്തിൽ നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കായി ഫണ്ടൊന്നും ലഭിച്ചിട്ടില്ല.

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ഏതെങ്കിലും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(ഡി)** ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് കേന്ദ്രസർക്കാരുമായി ഏതെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരുമായി ധാരണാപത്രത്തിൽ 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. പി.എം.ശ്രീ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ 2025 ഒക്ടോബറിൽ ഒപ്പുവച്ച പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നീട്ടിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നും കാണിച്ച് 2025 നവംബർ 12 ന് ഒരു കത്ത് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**